**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 640** **08-10-2024 - ൽ മറുപടിയ്ക്ക്**

**കൺസ്യൂമർ പെട്രോൾ പമ്പുകൾക്കുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര കൺസ്യൂമർ പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ആകെ 185 കൺസ്യൂമർ പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കൺസ്യൂമർ പെട്രോൾ പമ്പുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ബി) | പ്രതിമാസം 20KL എങ്കിലും ആവശ്യകത ഉണ്ടാകണമെന്നും എച്ച് എസ് ഡിയുടെ സംഭരണം സ്വന്തം ഉപഭോഗത്തിനായിരിക്കണമെന്നും പുനർവിൽപ്പന പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | പുതുതായി ഒരു കൺസ്യൂമർ പമ്പിന് അപേക്ഷിച്ചാൽ അതുമായി ബന്ധപ്പെട്ട നടപടിക്രമം എന്തൊക്കെയാണെന്നും ഏതെല്ലാം ഉദ്യോഗസ്ഥർ കണ്ടതിനുശേഷമാണ് പ്രസ്തുത ഫയലുകളിൽ തീരുമാനമാകുന്നതെന്നും വ്യക്തമാക്കാമോ; | (സി) | അപേക്ഷകന് ജില്ലാ അതോറിറ്റിയിൽ നിന്നും നിരാക്ഷേപ പത്രവും (NOC) PESO (Petroleum and Explosives Safety Organisation) യിൽ നിന്ന് പ്രാരംഭ എക്സ്പ്ലോസീവ് അംഗീകാരവും (Initial Explosives Approval) ലഭിച്ചാൽ 2 മാസത്തിനുള്ളിൽ കൺസ്യൂമർ പമ്പുകൾ സ്ഥാപിക്കാൻ കഴിയും. എന്നാൽ PESO-യിൽ നിന്ന് അന്തിമ എക്സ്പ്ലോസീവ് (Final Explosives licence) ലൈസൻസ് ലഭിക്കുന്നതിന്റെയും അപേക്ഷകനിൽ നിന്ന് ലഭിക്കുന്ന പേയ്മെന്റിന്റെയും അടിസ്ഥാനത്തിൽ ഓയിൽ കമ്പനികൾ HSD (High Speed Diesel) വിതരണം ആരംഭിക്കുന്നു. |
| (ഡി) | കൺസ്യൂമർ പമ്പിന് അപേക്ഷിച്ചാൽ നിയമപരമായ എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ടെങ്കിൽ എത്ര ദിവസത്തിനകം അനുമതി നൽകുമെന്ന് വ്യക്തമാക്കാമോ; | (ഡി) | അപേക്ഷകന് ജില്ലാ അതോറിറ്റിയിൽ നിന്നും നിരാക്ഷേപ പത്രവും (NOC) PESO (Petroleum and Explosives Safety Organisation) യിൽ നിന്ന് പ്രാരംഭ എക്സ്പ്ലോസീവ് അംഗീകാരവും (Initial Explosives Approval) ലഭിച്ചാൽ 2 മാസത്തിനുള്ളിൽ കൺസ്യൂമർ പമ്പുകൾ സ്ഥാപിക്കാൻ കഴിയും. എന്നാൽ PESO-യിൽ നിന്ന് അന്തിമ എക്സ്പ്ലോസീവ് (Final Explosives licence) ലൈസൻസ് ലഭിക്കുന്നതിന്റെയും അപേക്ഷകനിൽ നിന്ന് ലഭിക്കുന്ന പേയ്മെന്റിന്റെയും അടിസ്ഥാനത്തിൽ ഓയിൽ കമ്പനികൾ HSD (High Speed Diesel) വിതരണം ആരംഭിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | കൺസ്യൂമർ പമ്പിന് പുതുതായി അപേക്ഷിച്ച എത്ര ഫയലുകൾ തീർപ്പാകാതെ ഉണ്ടെന്നും ഇവയിൽ തീരുമാനമാകാത്തതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ? | (ഇ) | കൺസ്യൂമർ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് 04.10.2024 വരെ ലഭ്യമായ അപേക്ഷകൾക്ക് ഓയിൽ കമ്പനികളിൽനിന്നും അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ജില്ലാ അതോറിറ്റികളിൽ NOC ക്കായി ലഭിച്ച 68-ഓളം അപേക്ഷകൾ തീർപ്പാകാതെയുണ്ട്. പോലീസ്, ഫയർഫോഴ്സ്, റവന്യൂ, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമായ ശേഷം സ്ഥല പരിശോധന നടത്തിയാണ് നിരാക്ഷേപ പത്രം അനുവദിച്ചുവരുന്നത്. മേൽ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്നതിനുള്ള കാലതാമസമാണ് NOC നൽകാൻ താമസം നേരിടുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | കൺസ്യൂമർ പെട്രോൾ പമ്പുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 30 |
| കൊല്ലം | 21 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 11 |
| കോട്ടയം | 12 |
| ഇടുക്കി | 5 |
| എറണാകുളം | 41 |
| തൃശ്ശൂർ | 13 |
| പാലക്കാട് | 8 |
| മലപ്പുറം | 9 |
| കോഴിക്കോട് | 11 |
| വയനാട് | 3 |
| കണ്ണൂർ | 9 |
| കാസർഗോഡ് | 4 |
| ആകെ | 185 |

**സെക്ഷൻ ഓഫീസർ**